II.ഇ.ബി. XII--കേരള നിയമസഭ/V--10

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂലൈ 6, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

70 (*301) കുവൈറ്റിലെ ജയിലിൽ കഴിയുന്നവർ

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, കുവൈറ്റിലെ അനധികൃത കുടിയേറ്റക്കാർക്ക് പിഴ കൂടാതെ കുവൈറ്റ് വിട്ടുപോകാനുള്ള പൊതുമാപ്പ് കാലാവധി 2007 മേയ് ഒന്ന് മുതൽ 2007 ജൂൺ 30-വരെയായിരുന്നുവെന്നും കാലാവധി അവസാനിച്ചശേഷം മലയാളികളിലാരെയെങ്കിലും അറസ്റ്റ് ചെയ്തതായോ, ജയിലിലായതായോ സർക്കാരിന് വിവരമൊന്നും ലഭിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. പൊതുമാപ്പിന്റെ അവസരം വന്നപ്പോൾത്തന്നെ ഇക്കാര്യം കേന്ദ്രത്തിൽ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന രണ്ട് മന്ത്രിമാരുടേയും ശ്രദ്ധയിൽപെടുത്തുകയും അവരുടെ ഇടപെടലിന്റെ ഫലമായി പ്രവാസി മലയാളികളെ ഒരു ചാർട്ടേർഡ് വിമാനത്തിൽ സ്വന്തം നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. പൊതുമാപ്പിന് അർഹരായി മടങ്ങിവന്ന മലയാളികളുടെ എണ്ണം ശേഖരിച്ചുവരുന്നതേയുള്ളൂ. വിവിധ കാരണങ്ങളാൽ വിദേശത്ത്

കുടുങ്ങിപ്പോയതും പൊതുമാപ്പിന് അർഹരായവരുമായ ഇന്ത്യാക്കാരെ തിരിച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എമ്പസിയെ സജീവമാക്കാനും, നിബന്ധനകൾക്കു വിധേയമായി എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് അതിനായി വിനിയോഗിക്കാനും കേന്ദ്രമന്ത്രിമാരുമായി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മരണമടയുന്ന വിദേശ മലയാളികളുടെ ഡെഡ്ബോഡി നാട്ടിലെത്തിക്കാൻ ശ്രമിക്കുക, അവർക്കാവശ്യമായ മറ്റുസഹായങ്ങൾ ചെയ്തുകൊടുക്കുക തുടങ്ങിയ കാര്യങ്ങൾക്കുപുറമേ മറ്റേതെങ്കിലും സഹായം അഭ്യർത്ഥിക്കുകയാണെങ്കിൽ അതും നോർക്ക ചെയ്തുകൊടുക്കുന്നതാണെന്ന് മുഖ്യമന്ത്രി വെളിപ്പെടുത്തി. പാസ്പോർട്ടില്ലാതെയും മറ്റു കാരണങ്ങളാലും വിദേശ ജയിലുകളിൽ കഴിയുന്നവർക്ക് പൊതുമാപ്പ് ലഭിക്കുമ്പോൾ അഡീഷണൽ പാസ്പോർട്ട് അനുവദിച്ച് നാട്ടിലെത്തിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റും കേന്ദ്ര മന്ത്രിമാരും നല്ല സമീപനം സ്വീകരിക്കുന്നുണ്ട്. ഗുരുതരമായ തെറ്റ് ചെയ്യാതെയും മയക്കുമരുന്നു കേസുകളിൽ വഞ്ചിക്കപ്പെട്ടും വിദേശ ജയിലുകളിൽ കഴിയുന്നവരെ രക്ഷിക്കുന്നതിനും ഗൾഫ് നാടുകളിലെ ഇന്ത്യാക്കാരിൽ 60 ശതമാനവും മലയാളികളാണെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദേശ എമ്പസികളിൽ കൂടുതൽ മലയാളി ഉദ്യോഗസ്ഥരെ നിയമിക്കുന്നതു സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ് വിദേശ മലയാളി സംഘടനകൾക്ക് അംഗീകാരം നൽകണമെന്ന കാര്യം നോർക്കയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് പരിഹാരം ഉണ്ടാക്കുന്നതാണ്. കുറ്റം ചെയ്തിട്ട് ഒളിച്ചുനടക്കുന്നവരല്ലാതെ തന്റേതല്ലാത്ത കുറ്റംകൊണ്ടും, ചെറിയ കുറ്റം

ചെയ്തതുകൊണ്ടും ജയിലിലടയ്ക്കപ്പെട്ടിട്ട് ശിക്ഷാകാലാവധി കഴിഞ്ഞും തിരിച്ചുവരാൻ കഴിയാത്തവരെയും ആയമാരായി ജോലി നൽകാമെന്ന് പറഞ്ഞ് കബളിപ്പിക്കപ്പെട്ട സ്ത്രീകളെയും സംബന്ധിച്ചുള്ള വിശദവിവരങ്ങൾ സംസ്ഥാന ഗവണ്മെന്റിന് ലഭ്യമാക്കിയാൽ അവരെ നാട്ടിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും പ്രവാസി മലയാളികൾ അവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് നൽകുന്ന നിവേദനങ്ങൾക്കെല്ലാം ഗവണ്മെന്റ് ഇടപെട്ട് തക്ക സമയത്ത് പരിഹാരം നൽകിക്കൊണ്ടിരിക്കുകയാണെന്നും ഗൾഫ് നാടുകളുമായി ബന്ധപ്പെട്ട് .വിദേശ മലയാളികളുടെ എണ്ണം ശേഖരിക്കുന്നതിനുള്ള ശ്രമം നടന്നു കൊണ്ടിരിക്കുകയാണെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

71 (*302) <u>'ക്ഷീരദീപം പദ്ധതി'</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 'ക്ഷീരദീപം പദ്ധതി' 16.5.2007-ൽ ഉൽഘാടനം ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ക്ഷീര കർഷകർക്കുള്ള ക്ഷേമനിധിയിൽ അംഗമായശേഷം 5 വർഷം കുറഞ്ഞത് 500 ലിറ്റർ വീതം പാൽ അളക്കുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് പെൻഷൻ, മരണമടഞ്ഞ പെൻഷൻകാരുടെ അർഹരായ ആശ്രിതർക്ക് കുടുംബ പെൻഷൻ സ്ഥായിയായി അവശതയനുഭവിക്കുന്ന ക്ഷേമനിധി അംഗങ്ങൾക്ക് ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നതുകൂടാതെ ക്ഷേമനിധിയിലെ അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന്

ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. ആനുകൂല്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ തീരുമാനത്തിന് വിധേയമായി വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും പെൻഷൻ, കുടുംബ പെൻഷൻ എന്നിവ കുടിശ്ശിക കൂടാതെ എല്ലാമാസവും 10-ാം തീയതിക്കുള്ളിൽ നൽകിവരികയും ചെയ്യുന്നുണ്ട്. ഇവയ്ക്കുപുറമേ കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തുന്നകാര്യം ക്ഷേമനിധിയുടെ സാമ്പത്തിക സ്ഥിതി പരിശോധിച്ചതിനുശേഷം ബോർഡ് തീരുമാനിക്കുന്നതാണ്. ഇതുവരെ 123769 പേർ അംഗങ്ങളായുള്ള ക്ഷേമനിധിയിൽ 19465 പേർക്ക് പെൻഷൻ അനുവദിക്കുകയും മരണപ്പെട്ട ക്ഷേമനിധി അംഗത്തിന്റെ ആശ്രിതരായ 47 പേർക്ക് കുടുംബ പെൻഷൻ നൽകിവരികയും ചെയ്യുന്നുണ്ട്. ദിവസവും ആറെട്ട് ലിറ്റർ പാൽ വിപണനം നടത്തുന്ന സ്വകാര്യ ക്ഷീരോൽപ്പാദകരിൽ നിന്നും കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന കമ്പനികളിൽ നിന്നും ക്ഷേമനിധി പദ്ധതിയിലേയ്ക്ക് സംഭാവന സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ക്ഷേമനിധി പെൻഷന് അർഹത നേടുന്നതിനു മുമ്പ് മരണമടയുന്ന ക്ഷീര കർഷകർക്ക് വേണ്ടി ഒരു ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീര കർഷകരുടെ അംശദായം ഏകീകരിക്കുകയും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് തീറ്റപ്പുൽ സംസ്ക്കരിച്ച് സൂക്ഷിക്കുന്നതിനാവശ്യമായ സബ്സിഡി നൽകുകയും പരിശീലനപരിപാടി നടത്തുകയും ചെയ്യുന്നുണ്ട്. കാലിത്തീറ്റയുടെ വില നിയന്ത്രിക്കാനും പച്ചപ്പുൽക്കൃഷി വ്യാപിപ്പിക്കുന്നതിന് ഗ്രാന്റ് നൽകാനും ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഏതെങ്കിലും തരത്തിൽ ക്ഷേമനിധിയിലെ ഒരംഗം പുറത്താക്കപ്പെടുകയാണെങ്കിൽ ബോർഡ് യോഗം കൂടി ആ

അംഗത്തെ സംരക്ഷിക്കാൻ കഴിയുന്ന രീതിയിലുള്ള ഭേദഗതികൾ വരുത്താൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 14 ജില്ലകളിലും ക്ഷേമനിധി ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ കാലവിളംബം കൂടാതെ ഫലപ്രദമായി ക്ഷേമനിധി ആനുകൂല്യം ലഭ്യമാക്കുന്നതിന് റീജിയണൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓർഡിനൻസ് പാസ്സാക്കിയ സമയത്ത് ലഭിച്ച മുഴുവൻ അപേക്ഷകളും പരിഗണിച്ച് അർഹരായിട്ടുള്ളവർക്ക് കാലതാമസംകൂടാതെ പെൻഷൻ കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തതനുസരിച്ച് ബോർഡ് അപേക്ഷകൾ പരിശോധിച്ചുവരികയാണ്. ക്ഷേമനിധി പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന് ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം പാലിന്റെ വില വർദ്ധിപ്പിച്ചുവെങ്കിലും അതുകൊണ്ട് ക്ഷീരകർഷകർക്ക് രക്ഷപ്പെടാൻ കഴിയുകയില്ലെന്നതുകൊണ്ട് ഈ രംഗത്ത് ക്ഷീരകർഷകർ ഉറച്ചുനിൽക്കാൻ ഗവണ്മെന്റ് 'വിധർഭ മോഡൽ' പോലെയുള്ള ബഹുമുഖ പരിപാടികൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. ക്ഷീര കർഷകരെ സഹായിക്കുന്നതിന് പാലിന് വിലകൂട്ടിക്കൊടുക്കുമോ എന്നും അത് ഉപഭോക്താക്കളെ ബാധിക്കാതിരിക്കുന്നതിന് സബ്സിഡി നൽകുമോ എന്നുമുള്ള ചോദ്യങ്ങൾക്ക് അതൊരു നയപരമായ കാര്യമായതിനാൽ ആലോചിക്കാവുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി. പാൽ നേരിട്ട് വിതരണം ചെയ്യുന്നവർക്കുവേണ്ടി പുതിയ ഒരു ക്ഷേമപദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലാണ്. നിലവാരം കുറഞ്ഞതരം ബ്രാന്റ് പാലുകളുടെ വിതരണത്തെ നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പി.ഡി.ഡി.പി.യിലെ ക്ഷീര കർഷകരെ

ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് നിയമതടസ്സമുണ്ടോയെന്ന കാര്യം പരിശോധിച്ച് പരിഹാരം കാണുന്നതാണെന്നും ക്ഷേമനിധി നിയമത്തിൽ അനുശാസിക്കുന്ന യോഗ്യതയുള്ളവർക്കെല്ലാം ക്ഷേമനിധി ബോർഡിൽ അംഗത്വം കൊടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

72 (*303) പാസ്പോർട്ട്, എമിഗ്രേഷൻ ആഫീസുകളിലെത്തുന്നവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പുതിയ പാസ്പോർട്ട് എടുക്കുന്നതിനും പാസ്പോർട്ടുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കുമായി പാസ്പോർട്ട്, എമിഗ്രേഷൻ എന്നീ ആഫീസുകളിൽ എത്തുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും അതിന് പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. വിദേശ മലയാളികൾ പാസ്പോർട്ടുകൾ പുതുക്കുന്നതിന് ഇന്ന് നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവണ്മെന്റ് ഗൗരവമായി കാണുന്നുവെന്നും പാസ്പോർട്ട് പുതുക്കി ലഭിക്കുന്നതിലുണ്ടായ കാലതാമസംമൂലം ജോലി നഷ്ടപ്പെട്ട പ്രത്യേക കേസ്സുകൾ ചൂണ്ടിക്കാണിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പാസ്പോർട്ട് വെരിഫിക്കേഷനിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് പ്രസ്തുത അധികാരം ഡിസ്ട്രിക്ട് സ്പെഷ്യൽ ബ്രാഞ്ച് പോലീസിൽ നിന്ന് ലോക്കൽ എസ്.ഐ.യ്ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും പാസ്പോർട്ട് എമിഗ്രേഷൻ എന്നിവ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ പാസ്പോർട്ട് സെൽ

നിലവിലുണ്ടെന്നും പ്രത്യേകമായ കേസുകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ ഗവണ്മെന്റ് ഇടപെടുന്നതാണെന്നും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയെ അറിയിച്ചു. തിരുവനന്തപുരത്ത് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പാസ്പോർട്ട് ഓഫീസിന് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അക്വയർ ചെയ്തുകൊടുക്കുന്നതിനും പാസ്പോർട്ട് ലഭ്യമാക്കുന്നതിൽ ഇടനിലക്കാരുടെ ഇടപെടലുകൾ പരിശോധിച്ച് പരിഹാരം കാണുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനു മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

73 (*309) പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ മാർഗ്ഗരേഖ

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, പതിനൊന്നാം പഞ്ചവൽസര പദ്ധ തിയിൽ ത്രിമുഖ സ്വഭാവമുള്ള ഒരു വികസന തന്ത്രമാണ് ആവിഷ്ക്കരിച്ചിട്ടു ള്ളതെന്നറിയിച്ചു.

ആധുനിക വ്യവസായം, പശ്ചാത്തലവികസനം, വിനോദസഞ്ചാരം, വിവരസാങ്കേതികവിദ്യ, എന്നിവ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം പ്രതിസന്ധി നേരിടുന്ന കാർഷികമേഖല, മൽസ്യബന്ധനം, മൃഗസംര ക്ഷണം, പരമ്പരാഗത വ്യവസായം എന്നിവയ്ക്ക് അർഹമായ ഊന്നൽ നൽകി പരിപോഷിപ്പിക്കുക;

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വികസനം താഴെത്ത ട്ടിൽ എന്നത് സാർത്ഥകമാക്കുക;

ഉൽപ്പാദനമേഖലയെ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, സാമൂഹിക സുരക്ഷിതത്വം എന്നിവയ്ക്കും ഊന്നൽ നൽകുക എന്നീ സവിശേഷതകളാണ് ഈ പദ്ധതിക്കുള്ളത്.

74 (*310) ഗവേഷണ സ്ഥാപനങ്ങൾ

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് പുതുതായി ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി താഴെപ്പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്നറിയിച്ചു.

സെന്റർ ഓഫ് എക്സലൻസ് ഇൻ പ്ളാന്റ് ടാക്സോണമി

സെന്റർ ഓഫ് എക്സലൻസ് ഇൻ ഇൻലാന്റ് അക്വാ കൾച്ചർ

സെന്റർ ഓഫ് എക്സലൻസ് ഇൻ ലൈഫ് സയൻസസ്

സെന്റർ ഓഫ് എക്സലൻസ് ഇൻ ജിയോമാറ്റിക്സ് ആന്റ് എൻവയോൺമെന്റൽ മാനേജ്മെന്റ്

കേരള സ്ക്കൂൾ ഓഫ് മാത്തമാറ്റിക്സ്

കൂടാതെ, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി ആയി ഉയർത്തുന്നതുസംബന്ധിച്ച ആവശ്യവും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ഐ.ഐ.ടി.യും ഒരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് എന്ന സ്ഥാപനവും വേണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

75 (*316) പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ച നിയമനങ്ങൾ

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിലേയും, തിരുവിതാംകൂർ കൊച്ചിൻ ദേവസ്വംബോർഡുകളിലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽപ്പെട്ട ജീവനക്കാരുടെ നിയമനം പി.

എസ്.സിക്ക് വിടുന്നതിന് നിയമഭേദഗതി ചെയ്യുന്ന കാര്യവും പരിഗണനയിലുണ്ട്.

76 (*317) <u>നോളജ് പാർക്ക്</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 11-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി വിജ്ഞാന അധിഷ്ഠിത വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നോളജ് സിറ്റികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ചു. ഇതിന്റെ ഒന്നാംഘട്ടത്തിൽ തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ നോളജ് പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

77 (*321) <u>ലോകബാങ്ക് സഹായത്തോടുകൂടി ജലപാതകൾ</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാന ഗതാഗത പദ്ധതിയിലുൾപ്പെടുത്തി 77 കി.മീറ്ററോളം വരുന്ന ആലപ്പുഴ-കോട്ടയം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-വൈക്കം എന്നീ മൂന്ന് ഉൾനാടൻ ജലപാതകൾ പൈലറ്റ് പദ്ധതി എന്ന നിലയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിച്ചു.

78 (*324) <u>ഉപഭോക്തൃ അവകാശ സംരക്ഷണം</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിച്ച് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ഉപഭോക്തൃ ദിനങ്ങൾ ആചരിക്കുകയും പൊതുയോഗങ്ങൾ, സെമിനാറുകൾ, ചർച്ചാ ക്ളാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യാറുണ്ടെന്നറിയിച്ചു. വർഷംതോറും ഡിസംബർ 24-ന് ദേശീയ ഉപഭോക്തൃ ദിനവും മാർച്ച് 15-ന് ലോക ഉപഭോക്തൃ അവകാശ ദിനവും ആചരി

ക്കുന്നു. ഇതിന്റെ ഭാഗമായി ഉപഭോക്താക്കളിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനെക്കുറിച്ചും ഗുണമേന്മയെക്കുറിച്ചും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലുടനീളം ഉപഭോക്തൃ വാരാച രണം സംഘടിപ്പിക്കാറുണ്ട്. ഉപഭോക്തൃ കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി www.consumeraffairs kerala.gov.in എന്ന വെബ്സൈറ്റ് ഉണ്ട്. ഉപഭോക്തൃ ബോധവൽക്കരണ പരി പാടികൾക്കായി ഒരു ജില്ലയ്ക്ക് 1,25,000 രൂപ വീതം 17.5 ലക്ഷം രൂപ അനുവദി ക്കുകയുണ്ടായി.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

121 (2396) <u>പി.എസ്.സി. ഒഴിവുകൾ</u>

2006-07-ൽ സംസ്ഥാന സർക്കാർ പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ള 30408 ഒഴിവുകളിൽ 18532 ഒഴിവുകൾ നികത്തി യിട്ടുണ്ട്. അവശേഷിക്കുന്ന 11876 ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടി കൾ സ്വീകരിച്ചുവരുന്നു.

122 (2421) <u>സ്വാതന്ത്ര്യ സമര/സംസ്ഥാന പെൻഷനുകൾ</u>

സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ 1674 പേർക്കും സംസ്ഥാന സ്വാതന്ത്ര്യ സമര പെൻഷൻ 7458 പേർക്കും ലഭിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 27 പേർക്ക് പുതുതായി സംസ്ഥാന സ്വാതന്ത്ര്യ സമര പെൻഷൻ അനുവദിച്ചിട്ടുണ്ട്.

123 (2438) <u>'സാന്ത്വനം' ചികിൽസാ ധനസഹായ പദ്ധതി</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക റൂട്ട്സ് വഴി 18 പേർക്ക് 'സാന്ത്വനം' ചികിൽസാ ധനസഹായം നൽകിയിട്ടുണ്ട്. രണ്ട് വർഷ

മെങ്കിലും പ്രവാസിയായിരുന്ന് തിരികെവന്ന ദാരിദ്ര്യരേഖയ്ക്ക് താഴെ (ബി.പി.എൽ.) ഉള്ളവർക്കാണ് അംഗീകൃത ഡോക്ടർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ചികിൽസാരേഖകളുടേയും അടിസ്ഥാനത്തിൽ 'സാന്ത്വന' പദ്ധതിപ്രകാരം ചികിൽസാ ധനസഹായം നൽകിവരുന്നത്. തിരികെവന്ന പ്രവാസികൾക്ക് ഈ പദ്ധതിവഴി വീൽ ചെയർ, ക്രെച്ചസ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപ ധനസഹായമായി നൽകുന്നുണ്ട്.

124 (2462) <u>സപ്ളൈകോയുടെ വില്പനശാലകൾ</u>

2005-06-ൽ സപ്ളൈകോയുടെ വിറ്റുവരവ് 701 കോടി രൂപയും 2006-07-ൽ (ഓഡിറ്റിനു മുമ്പ്) 1011 കോടി രൂപയുമായിരുന്നു. 2007-08-ൽ 1300 കോടി രൂപയുടെ വിറ്റുവരവ് ലക്ഷ്യമിട്ടിരിക്കുന്നു.

125 (2478) <u>വിലനിലവാരം പ്രദർശിപ്പിക്കുന്നതിന് നടപടി</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലനിലവാരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ 14646 റെയ്ഡുകൾ നടത്തുകയും 1426 കേസ്സുകൾ ബുക്കുചെയ്യുകയും 8,88,419 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

126 (2480) <u>മിൽക്ക് ഷെഡ് പ്രോഗ്രാം</u>

സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ക്ഷീരകർഷകർക്കാവശ്യമായ വിജ്ഞാന വ്യാപന പരിപാടികൾ നടപ്പിലാക്കുകയും സൗജന്യമായി നടീൽ വസ്തുക്കൾ നൽകുകയും ഹെക്ടർ ഒന്നിന് 5,000 രൂപ ധനസഹായം നൽകുകയുമുണ്ടായി. കൂടാതെ പശുഗ്രാമം പദ്ധതിയിലൂടെ ക്ഷീരകർഷകർക്ക് ബാങ്ക് വായ്പ ലഭ്യമാക്കിക്കൊണ്ടും സബ്സിഡി നൽകി

ക്കൊണ്ടും 4,870 സങ്കരയിനം പശുക്കളെ അന്യസംസ്ഥാനത്തുനിന്നും വാങ്ങി നൽകി. ക്ഷീര കർഷക ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വരുത്തുകയും ക്ഷീരോൽപ്പാദന ചെലവ് പരിഹരിക്കാൻ പാൽ വില വർദ്ധനവ് നടപ്പിലാക്കുകയും ചെയ്തു. ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് വിപണനം നടത്തുന്നതിന് കേന്ദ്രസർക്കാരിന്റെ സഹായത്തോടെ മേഖലാ യൂണിയനുകൾ വഴി ചില്ലിംഗ്/പാക്കിംഗ് സ്റ്റേഷൻ, ഡയറി പ്ളാന്റ് സ്ഥാപിക്കൽ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ക്ഷീര കർഷകർക്കായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മിൽക്ക് ഷെഡ് പ്രോഗ്രാമിനായി 4.9 കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമങ്ങളിൽ നടപ്പിലാക്കുന്നതാണ്. ഈ പ്രോഗ്രാം വഴി 50,000 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

127 (2499) <u>വ്യവസായ വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതികൾ</u>

ഭാരത സർക്കാരിന്റെ സംരംഭങ്ങളായ വല്ലാർപ്പാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ, കൊച്ചിയിലെ ലിക്വിഫൈഡ് നാച്വറൽ ഗ്യാസ് ടെർമിനൽ എന്നിവയുടെ ജോലികൾ കൊച്ചിൻ തുറമുഖ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിലാണ് ചെയ്തുവരുന്നത്. കൂടാതെ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കേരള ഗവണ്മെന്റിനുവേണ്ടി എൽ.എൻ.ജി. ടെർമിനൽ പദ്ധതിയുടെ ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. കോർപ്പറേഷൻ ഈ പദ്ധതിക്കുവേണ്ടിയുള്ള ക്ളിയറൻസുകൾ, വൈദ്യുതി, റോഡ്, റെയിൽ കണക്റ്റിവിറ്റി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

128 (2519 & 2531) <u>ഫുഡ് പാർക്ക്</u>

കേരളത്തിൽ കേന്ദ്രസഹായ പദ്ധതികളായ മൂന്ന് ഫുഡ് പ്രോസസ്സിംഗ് പാർക്കുകളും ഒരു സ്പൈസസ് പാർക്കുമാണ് വിഭാവന ചെയ്തിട്ടുള്ളത്.

ഇവയിൽ ആദ്യത്തേത് മലപ്പുറം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പത്തനംതിട്ടയിലെ അടൂരിൽ പൂർത്തിയായിവരുന്നു. മൂന്നാമത്തെ പാർക്ക് വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മുട്ടിൽസൗത്ത് വില്ലേജിൽ സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്പൈസസ് പാർക്കിന്റെ പ്രീപ്രോസസ്സിംഗ് സെന്റർ ഉടുമ്പൻചോല താലൂക്കിലും പോസ്റ്റ് പ്രോസസ്സിംഗ് സെന്റർ തൊടുപുഴയിലെ മുട്ടം വില്ലേജിലും ടിൻ ഡെവലപ്പിംഗ് പ്രോജക്ടായി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

129 (2542) <u>കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകൾ</u>

കേരളത്തിൽ ആകെ ഏഴ് സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉണ്ട്.